# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1775 | 08.06.2018-ൽ മറുപടിയ്ക്ക് |
|---|---|

**മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>,, വി. അബ്ദുറഹിമാൻ<br>,, വി. ജോയി<br>,, പി.കെ. ശശി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വ - മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും (വേസ്റ്റ് ടു എനർജി പ്ലാന്റ്) നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ജനപങ്കാളിത്തത്തോടെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മിഷൻ മാതൃകയിൽ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകി അതിൻ പ്രകാരം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി വരുന്നുണ്ട്.<br>3. അഴുകുന്ന ജൈവമാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് വേണ്ട സാങ്കേതിക സംവിധാനങ്ങളും അവയുടെ യൂണിറ്റ് നിരക്കുകളും ശുചിത്വ മിഷൻ മുഖേന നിശ്ചയിച്ച് ഉത്തരവുകൾ നൽകിയിട്ടുണ്ട്.<br>4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് നിർവഹണ പ്രക്രിയയെ സഹായിക്കുന്നതിലേക്ക് മാലിന്യസംസ്കരണ മേഖലയിൽ ശേഷിയുള്ള സർവീസ് പ്രൊവൈഡർമാരെയും അക്രഡിറ്റഡ് ഏജൻസികളെയും കണ്ടെത്തി ഉത്തരവു നൽകിയിട്ടുണ്ട്.<br>5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിൽ വേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിനും സംസ്ഥാന കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായ സാമ്പത്തികം ലഭ്യമാക്കുന്നതിനും ശുചിത്വ മിഷൻ മുഖേന നടപടി സ്വീകരിച്ച് വരുന്നുണ്ട്.<br>6. ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ചിട്ടയാക്കുന്നതിന് ഹരിതകർമ്മസേന രൂപീകരിക്കുവാൻ നിർദ്ദേ ശിച്ചു. ഇതിൻ പ്രകാരം 878 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന രൂപീകരിച്ചു. 216 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനമാരംഭിച്ചു |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. ബാക്കിയുള്ള സ്ഥാപനങ്ങളിൽ രൂപീകരണ നടപടി പുരോഗതിയിലാണ്. ഹരിതകർമ്മസേനയ്ക്ക് വേണ്ട സാങ്കേതിക സഹായം ക്ലസ്റ്ററടിസ്ഥാനത്തിൽ നൽകുന്നതിന് ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തുകയും അവർക്ക് ഉത്തരവാദിത്വം നൽകുവാനും നടപടിയെടുത്തിട്ടുണ്ട്.<br>7. ഹരിത കർമ്മസേനക്കാവശ്യമായ പരിശീലനം സംഘടിപ്പിച്ചുകഴിഞ്ഞു.<br>8. ഹരിത കർമ്മസേനയ്ക്ക് സാങ്കേതിക പിന്തുണ നൽകേണ്ട ഹരിത സഹായ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പും പൂർത്തിയായിട്ടുണ്ട്.<br>9. ഹരിത കർമസേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള ചെലവുകൾ സംബന്ധിച്ച ഫെസിലിറ്റേറ്റിങ്ങ് സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.<br>10. ത്രിതലപഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം വികസന ഫണ്ടിന്റെ 10% ഉം മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും തങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം വികസന ഫണ്ടിലെ 15% മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണനനൽകി ഹരിത കേരള മിഷൻറെ പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിശ്ചയിച്ച് ഉത്തരവ് നൽകി. അതിൻ പ്രകാരം പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതി മുതൽ ഏറ്റെടുത്തിട്ടുണ്ട്.<br>11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ ഹരിതകർമ്മസേന നേരിട്ട് ശേഖരിക്കുന്ന അജൈവ മാലിന്യം സുരക്ഷിതമായി സംസ്കരിക്കപ്പെടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വേണ്ട മാനേജ്മെൻറ് പിന്തുണ നൽകുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>12. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (ഇതിനകം 274 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 91 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ചിട്ടുണ്ട്.)<br>13. മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നതിന് സഹായകമാകുന്ന ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ ക്ലീൻ കേരള കമ്പനി ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രധാന മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ എന്തൊക്കെയാണ്; വെളിപ്പെടുത്താമോ ; | (ബി) | അജൈവമാലിന്യങ്ങളായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെയും ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും പുന:ചംക്രമണവുമാണ് ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കുന്നത്. |
| (സി) | പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണത്തിനും അവയുടെ ശാസ്ത്രീയ പുനഃചംക്രമണത്തിനും എന്തെല്ലാം നടപടികളാണ് ക്ലീൻ കേരള കമ്പനി സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ; | (സി) | ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മ സേന വഴി ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ മെറ്റിരിയൽ കളക്ഷൻ ഫെസിലിറ്റികളിലും തുടർന്ന് റിസോഴ്സ് റിക്കവറി |

| | | | |
|---|---|---|---|
| | | | ഫെസിലിറ്റികളിലും എത്തിച്ച് തരം തിരിച്ച് പുനഃ ചംക്രമണ യോഗ്യമായവ ആയതിനും , പുനഃ ചംക്രമണ സാധ്യമല്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി മുഖേന സ്ഥാപിക്കപ്പെടുന്ന പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റുകളിൽ എത്തിച്ച് ഷ്രഡ് ചെയ്ത് റോഡ് ടാറിങ്ങിനു ലഭ്യമാക്കുന്ന തരത്തിലുള്ള നടപടികളാണ് പ്ലാസ്റ്റിക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനി സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ 330 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 245 ടണ്ണോളം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് 150 km റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ വിപണനം, പുനഃചംക്രമണ സാധ്യമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിപണനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ഇ-മാലിന്യങ്ങളുടെ പുനഃ ചംക്രമണം എന്നിവയുടെ ചുമതല ക്ലീൻ കേരള കമ്പനിയ്ക്കാണ് |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ ? | (ഡി) | സർക്കാർ ഉത്തരവ് (സാധാ) നം1641/2017 തസ്വഭവ തീയതി 19/5/2017 അനുസരിച്ച് സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട് . ഇതനുസരിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ക്ലീൻ കേരള കമ്പനി ആരംഭിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിലും, വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതികസഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്ക് അവശ്യമായ പ്രോജക്ട് പ്രൊപ്പോസൽ ക്ലീൻ കേരള കമ്പനി എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 195 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെടുകയും 90 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ സപ്ളൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ